# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 736 28.09.2011 ൽ മറുപടിക്ക്

### ജലനിധി രണ്ടാം ഘട്ട പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ വാഹീദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസൻേറഷൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ | (എ) ജലനിധി രണ്ടാം ഘട്ട പദ്ധതി ആരംഭിക്കുന്നതിന് വേണ്ട നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം | (ബി) ലോകബാങ്കുമായി ഇക്കാര്യത്തിൽ ചർച്ചകൾ പൂർത്തിയാക്കി വരുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതി രേഖ അംഗീകരിക്കുന്നതോടെ ആദ്യ ബാച്ച് ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) രണ്ടാം ഘട്ട പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് ലക്ഷ്യമിട്ടിരുന്നത് | (സി) 1.കുടിവെള്ള പദ്ധതികൾ(ചെറുകിട/ വൻകിട പദ്ധതികൾ) നിർമ്മിക്കുക<br>2.ഭൂജല സംവർദ്ധന പ്രവർത്തനങ്ങൾ നടത്തുക<br>3.പരിസര ശുചീകരണത്തിനുള്ള ഭൗതിക സംവിധാനങ്ങൾ ഏർപ്പെടുത്തുക<br>4.ആരോഗ്യ ശുചിത്വ സന്ദേശ പ്രചാരണം നടത്തുക<br>5. ഗ്രാമ പഞ്ചായത്തിൻെറയും ഗുണഭോക്താക്കളുടെയും ശേഷി വർദ്ധിപ്പിക്കുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക എന്നീ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത് |
| (ഡി) ആദ്യഘട്ടത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇതു നടപ്പാക്കാനുദ്ദേശിക്കുന്നത് | (ഡി) രണ്ടാം ഘട്ടത്തിൽ ആദ്യബാച്ചായി 26 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. (ലിസ്റ്റ് ഉള്ളടക്കം ചെയ്തിരിക്കുന്നു). |
| (ഇ) ഇതിന് ലോകബാങ്കിൻെറ ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ<br>(എഫ്) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | (ഇ) & (എഫ്) പദ്ധതി ഒന്നാകെ ലോകബാങ്ക് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടുതൽ ചർച്ചകൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ